ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല, ഹൈക്കോടതി പല ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും അഡ്വൈസ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തണമെന്ന് ഡയറക്ഷൻ കൊടുക്കാറുണ്ട്. സിംഗിൾ ബഞ്ച് നിയമം അനുശാസിക്കുന്നത് അതാണ്. സിംഗിൾ ബഞ്ചിന്റെ ജഡ്ജ്മെന്റിന് എതിരെ ഡിവിഷൻ ബഞ്ചിന് അപ്പീൽ കൊടുക്കുവാൻ ശ്രമിക്കണമെന്നാണ് ഈകത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. അത് നിയമാനുസൃതമാണ്. അതിൽ എന്ത് അപകടമാണുള്ളത് ?

IV സബ്മിഷൻ

(1) മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ പഴയ നിരക്കിലാക്കണമെന്നും പെൻഷൻ നൽകണമെന്നതും സംബന്ധിച്ച്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കേരളത്തിൽ പതിനയ്യായിരത്തിലധികം വരുന്ന മഹിളാ പ്രധാൻ ഏജന്റുമാരുടെ ജീവൽ പ്രശ്നങ്ങൾ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഈ കഴിഞ്ഞ കുറച്ചുനാളുകൾക്ക് മുമ്പ് മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ കേന്ദ്രഗവൺമെന്റ് 5 ശതമാനത്തിൽ നിന്ന് 4 ശതമാനമാക്കി കുറച്ചു. എന്നാൽ ഇതുകൂടാതെ ആദായ നികുതി കൊടുക്കണമെന്ന പേരിലുള്ള പുതിയ ഒരു ഉത്തരവിന്റെ ഫലമായി ആദായ വകുപ്പിന്റെ തിരുവനന്തപുരം ഓഫീസിൽനിന്നും ഇറക്കിയിരിക്കുന്ന സർക്കുലർ പ്രകാരം, 5 ശതമാനം ആദായനികുതി കൊടുക്കണമെന്നു പറയുമ്പോൾ കോഴിക്കോട് ആദായനികുതി ഓഫീസിൽനിന്നും പറയുന്നത് മഹിളാപ്രധാൻ ഏജന്റുമാർ ആദായനികുതി കൊടുക്കേണ്ടതില്ല എന്നാണ്. കേരളത്തിൽത്തന്നെ രണ്ട് വിധത്തിൽ ആദായ നികുതി ഈടാക്കുന്നത് പിൻവലിക്കണമെന്നതാണ് ആദ്യത്തെ ആവശ്യം. രണ്ടാമത്തെ ആവശ്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പതിനയ്യായിരത്തിലധികമുള്ള പാവപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ കൊടുക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു, അതിന് സർക്കുലറും ഇറക്കിയിരുന്നു. അതിന്റെ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കണം. മൂന്നാമത്, നിലവിലുള്ള ക്ഷേമനിധിയിൽനിന്നും മക്കളുടെ വിവാഹത്തിനും മറ്റും 5,000 രൂപ മാത്രമേ ഇപ്പോൾ അനുവദിക്കുന്നുള്ളൂ. അത് ചുരുങ്ങിയത് 25,000 രൂപയെങ്കിലും അനുവദിക്കുന്നതിന് ആവശ്യമായിട്ടുള്ള തീരുമാനം എടുത്താൽ വളരെ നല്ലതായിരിക്കും. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 25,000 രൂപവരെയുള്ള കമ്മീഷൻ 4 ശതമാനമാണ്. അത് 5 ശതമാനം ആയിരുന്നത് 4 ശതമാനം ആക്കി ഇന്ത്യാ ഗവൺമെന്റ് കുറച്ചതാണ്. അത് നമ്മുടെ പരിധിയിൽപ്പെട്ടതല്ല. ഇതൊക്കെയാണെങ്കിലും ഇത് പരിഹരിക്കത്തക്കരീതിയിൽ കേന്ദ്രം നൽകുന്ന കമ്മീഷൻ തുകയ്ക്ക് പുറമേ 4 ശതമാനംകൂടി കാടുക്കുവാൻ നമ്മൾ തീരുമാനിച്ചു. ബഹുമാനപ്പെട്ട ടീച്ചർ ആദായനികുതിയുടെ കാര്യം പറഞ്ഞു. അത് ഇന്ത്യാ ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അത് ഇന്ത്യാ ഗവൺമെന്റിന് എഴുതാം. 65 വയസ്സിനു മുകളിലുള്ള ഏജന്റുമാർക്ക് പെൻഷൻ നൽകുന്നതിനായി ഒരു പദ്ധതി ഉണ്ടാക്കുന്നുണ്ട്. അത് പൂർണ്ണമായാൽ കൊടുക്കാം. വിവാഹ ധനസഹായം 25000 രൂപ കൊടുക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല, അതിനുള്ള സാദ്ധ്യത ഇല്ലാത്തതുകൊണ്ടാണ് ഏതായാലും അനുകൂലമായിട്ട് പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ. സി. വേണുഗോപാൽ,.....രണ്ട് സെന്റൻസിൽ പറയണം.

ശ്രീ. കെ. സി. വേണുഗോപാൽ : ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്.

മി. സ്പീക്കർ : രണ്ട് സെന്റൻസ് അല്ലെങ്കിൽ മൂന്ന് സെന്റൻസ്.

(2) ആലപ്പുഴയിലെ പുനാമോഡൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സംസ്ഥാനത്ത് ആകമാനം പടർന്നു പിടിച്ച ഡെങ്കിപ്പനിയുടെയും എലിപ്പനിയുടെയും പശ്ചാത്തലമാണ് ഞാൻ ഇവിടെ പറയുന്നത്. 1996-ൽ ജപ്പാൻജ്വരം വന്നപ്പോഴാണ് ആലപ്പുഴയിൽ പൂന, മോഡലിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ തീരുമാനിച്ചത്. നമ്മുടെ സംസ്ഥാനത്ത് പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനും രാസപരിശോധന നടത്തുന്നതിനും ആവശ്യമായ എല്ലാ സംവിധാനങ്ങളോടുംകൂടിയുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ ഉണ്ടായിട്ടില്ല. അതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു വൈറോളജി ലാബ് മാത്രമാണ് മെഡിക്കൽകോളേജിൽ പ്രവർത്തിക്കുന്നത്. ഇന്നത്തെ മനോരമ പത്രത്തിൽ ഇതുസംബന്ധിച്ച ഒരു വാർത്തയുണ്ട്.

മി. സ്പീക്കർ : വാർത്ത ഒന്നും പറയണ്ട. സബ്മിഷനിൽ വാർത്ത വായിക്കണ്ട.

ശ്രീ. കെ. സി. വേണുഗോപാൽ : ജേക്കബ് ജോൺ, ഏറ്റവും വലിയൊരു വൈറോളജിസ്റ്റ് പറഞ്ഞത്, വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ മുഴുവൻ സഹായവും നേടാവുന്ന ഒരു പദ്ധതിയാണ് ഇതെന്നാണ്. ആ വൈറോളജി ലാബ് വിപുലീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, 1996-ലാണ് ഈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചത്. പക്ഷേ, ഇന്നുവരെയായിട്ടും ഇത് പൂർണ്ണതയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.യും അവിടത്തെ എം.പി.യും മറ്റ് തൊട്ടടുത്ത നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 25-6-2003-ൽ അവരുടെയൊക്കെ യോഗം ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചില തീരുമാനങ്ങൾ എടുത്തു. ആ തീരുമാനം നടപ്പാക്കുവാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. എടുത്ത തീരുമാനങ്ങൾ ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ വായിക്കുകയാണ്.

മി. സ്പീക്കർ : അതൊന്നും പറയണ്ട.

ശ്രീ. പി. ശങ്കരൻ : സ്പെഷ്യൽ ഓഫീസറെ ഉടൻതന്നെ നിയമിക്കും. ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ കോളേജിൽനിന്നും വേർപ്പെടുത്തി,.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിമാർ ഒരുകാര്യം ചെയ്യണം. സബ്മിഷന് രണ്ടോ മൂന്നോ സെന്റൻസിൽ മറുപടി പറയണം. It is submission.

LIBRARY ARCHIVES Kerala Legislative Assembly